ശ്രീ. സി. എഫ്. തോമസ് : അങ്ങയുടെ വികാരംകൂടി ഉൾക്കൊണ്ടുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യത്തിൽ അനുകൂലമായ നിലപാട് എടുക്കുമെന്ന് വിശ്വസിക്കുന്നു. ഏതായാലും ഇവിടെ ഉന്നയിക്കപ്പെട്ട എല്ലാ വിഷയങ്ങളും വളരെ ഗൗരവത്തോടെ ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ഖാദിയോട് ഒരു സെന്റിമെന്റൽ അറ്റാച്ച്മെന്റ് ഉള്ള ആളല്ലേ ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ : ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോൾ പെൻഷൻ പ്രായം 60 വയസ്സാണ്. അത് 55 വയസ്സായി കുറയ്ക്കണം. മിനിമം പെൻഷൻ 300 ഉറുപ്പികയും മാക്സിമം പെൻഷൻ 750 ഉറുപ്പികയുമെങ്കിലുമാക്കി നിജപ്പെടുത്തി ഈ തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുന്നതിന് ഗവൺമെന്റിന് കഴിയുമോ ?

ശ്രീ. സി. എഫ്. തോമസ് : ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് ഉണ്ട്. അവരുംകൂടി ആലോചിച്ചുള്ള നിർദ്ദേശം വരുമ്പോൾ ഗവൺമെന്റ് അക്കാര്യം പരിശോധിക്കുന്നതാണ്.

IV സബ്മിഷൻ

(1) സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന അറവുമാടുകളെ കേരള അതിർത്തിയിൽ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകർ തടയുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, തമിഴ്നാട് നിന്നും ലോറിയിൽ കേരള അതിർത്തിയിൽ കൊണ്ടുവന്ന് ഇറക്കിയ കന്നുകാലികളെ മൃഗസംരക്ഷണ ഡോക്ടർ പരിശോധിച്ച് വിട്ടതിനുശേഷം ദേശീയപാത കടന്ന് ആറാലുംമൂട് ചന്തയിലേയ്ക്ക് കൊണ്ടുവരുമ്പോൾ വിശ്വഹിന്ദു പരിഷത്തിന്റെ മാടു തടയൽ സമരക്കാർ അതിനെ ബലം പ്രയോഗിച്ച് തടഞ്ഞു. പോലീസാകട്ടെ കാഴ്ചക്കാരായി നോക്കി നിൽക്കുകയാണ് ചെയ്തത്. കുറേ നേരം കഴിഞ്ഞ് ആ മാടുകളെ കൊണ്ടു വന്ന ആളുകൾ മുന്നോട്ടു പോകാൻ നോക്കിയെങ്കിലും പോലീസിന്റെ സംരക്ഷണം ലഭിക്കാതിരുന്നതിനാൽ അവർക്ക് തിരിച്ചു കൊണ്ടു പോകേണ്ടി വന്നു. മാറാട് സംഭവത്തിനുശേഷം വിശ്വഹിന്ദു പരിഷത്ത് പശുവിന് മാലയിട്ട് മാടുകളെ അറുക്കുന്നതിന് എതിരായിട്ടുള്ള സമരം വ്യാപകമാക്കിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഒരു വിഭാഗം ആളുകളുടെ ഭക്ഷണ രീതിയെ മറ്റൊരു വിഭാഗം ആളുകൾ എതിർക്കാൻ തുനിയുന്നതിനെ നമുക്ക് കണ്ടുകൊണ്ടിരിക്കാൻ കഴിയുമോ ? നമ്മുടെ സംസ്ഥാനത്ത് ചില ആളുകൾക്ക് ഭക്ഷണം കഴിക്കുമ്പോൾ ഒരു കഷണം മത്സ്യം വേണം. ചില ആളുകൾക്ക് ഒരു കോഴിക്കാല് ഇല്ലാതെ ഒക്കില്ല. ചില ആളുകൾക്ക് മട്ടൻ വേണം. അപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ള ആളുകളുടെ ഭക്ഷണ രീതിയെ ആകെ തകർത്തിട്ട് ഒരു വിഭാഗത്തിന്റെ ഇംഗിതത്തിന് വിധേയമായി കാര്യങ്ങൾ നടക്കണമെന്നുള്ള നിലയിൽ സമ്മർദ്ദവും അക്രമ രാഷ്ട്രീയവും

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ചാൽ അത് കാഴ്ചക്കാരായി നോക്കി നിന്നാൽ മതിയോ ? സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ ഡൽഹിയിൽ തന്നെ ഈ കൂട്ടർ ഒരു കൂട്ടം സന്യാസിമാരെ അഴിച്ചുവിട്ട് നഗ്നഘോഷയാത്ര തന്നെ നടത്തി. അന്നത്തെ പ്രധാനന്ത്രി പണ്ഡിറ്റ്ജി ഈ ഹീനമായ സമീപനത്തെ ശക്തമായ നിലയിൽ ആക്ഷേപിക്കുകയും കർശനമായ നിയമനടപടികൾ എടുക്കാൻ നിർദ്ദേശം നൽകുകയുമാണ് ചെയ്തത്. ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ഈ ഭ്രാന്തൻമാരുടെ സമീപനത്തെ ഗവൺമെന്റുകൾ ചോദ്യം ചെയ്യുകയും എതിർക്കുകയും ചെയ്തുപോരുകയാണ്. നമ്മുടെ സംസ്ഥാനത്ത് തൃശൂലത്തോടുള്ള സമീപനം, ഇടുക്കി പദ്ധതിയിൽ അമ്പലംവയ്ക്കുന്നതിനോടുള്ള സമീപനം. അതുപോലെ തന്നെയാണോ ഗവൺമെന്റ് ഈ പ്രശ്നത്തെ സമീപിക്കാൻ പോകുന്നത് എന്ന് അറിയേണ്ടിയിരിക്കുന്നു. ഈ ഭ്രാന്തമായ നടപടിക്കെതിരായി ശക്തമായ നിലപാട് ഗവൺമെന്റ് എടുക്കേണ്ടതായിട്ടുണ്ട്. അതിന് ആവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമെന്ന് ഞാൻ ആശിക്കുന്നു.

മി. സ്പീക്കർ : അത് മാത്രമല്ല Beef is the poor man's meat.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, സംസ്ഥാനത്തിന്റെ അതിർത്തി ജില്ലയിൽ നിന്നും കേരളത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് അറവുമാടുകളെ കൊണ്ടു വരുന്നുണ്ട്. ഗോവധ നിരോധന നിയമം പ്രാബല്യത്തിലില്ലാത്ത ഒരു സംസ്ഥാനം എന്ന നിലയിൽ നിയമാനുസരണം അറവുമാടുകളെ കൊണ്ടു വരുന്നതിന് വിലക്കുകളൊന്നും കേരളത്തിൽ ഏർപ്പെടുത്തിയിട്ടില്ല. 2003 ജൂൺ 6-ാം തീയതി കർണ്ണാടകയിൽ നിന്നും കേരളത്തിലേയ്ക്ക് അറവുമാടുകളെ കൊണ്ടുവന്നവരെ കാസർകോട് ജില്ലയിൽ മഞ്ചേശ്വരത്തു വച്ച് ഏതാനും പേർ അടിച്ച് പരിക്കേൽപ്പിക്കുകയും മാടുകളെ തമ്മിൽ ബന്ധിച്ചിരുന്ന കയർ മുറിച്ച് കളയുകയും ചെയ്തു. ഇക്കാര്യത്തിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അടുത്ത കാലത്ത് തമിഴ്നാടിൽ നിന്നും അറവു മാടുകളെ റോഡു മാർഗ്ഗം നടത്തിക്കൊണ്ട് വന്നതിൽ പ്രതിഷേധിച്ച് 2003 മേയ് 23-ാം തീയതി തിരുവനന്തപുരം ആറാലുംമൂട് ജംഗ്ഷനിൽ വച്ച് വിശ്വഹിന്ദ് പരിഷത്ത് പ്രവർത്തകർ അറവു മാടുകളെ തടഞ്ഞു. അതിനെ തുടർന്ന് ഗതാഗത തടസ്സം ഉണ്ടായതറിഞ്ഞ് പോലീസ് എത്തിയ സമയം വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകർ പിരിഞ്ഞു പോയി. എന്നാൽ ഇതിനെപ്പറ്റി പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. അതിനെക്കുറിച്ച് അന്വേഷിക്കാം.

(2) ദേവികുളം നിയോജകമണ്ഡലത്തിലെ കല്ലാർ, മാങ്കുളം ഹിൽ ഹൈവേയുടെ പണി

ശ്രീ. എ. കെ. മണി : സർ, ദേവികുളം നിയോജക മണ്ഡലത്തിൽപ്പെട്ട മാങ്കുളം പഞ്ചായത്ത് പുറംലോകവുമായി ബന്ധപ്പെടാൻ യാതൊരു സൗകര്യങ്ങളും ഇല്ലാത്ത പഞ്ചായത്താണ്. 30 വർഷങ്ങൾക്ക് മുമ്പ് മാങ്കുളം ലക്ഷ്മി റോഡ് എം. എൽ.എ. സ്കീമിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതാണ്. ഇതുവരെ എം.എൽ.എ. റോഡ് നന്നാക്കാൻവേണ്ടി മാറി മാറി വന്ന ഗവൺമെന്റുകൾ ഒന്നും തയ്യാറായില്ല. ശ്രീ. പി. കെ. കെ. ബാവ പി.ഡബ്ല്യു.ഡി മന്ത്രിയായിരുന്ന കാലഘട്ടത്തിൽ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly